കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - താൽക്കാലികമായി നിയോഗിക്കപ്പെട്ടിരുന്ന അംഗൻവാടി വർക്കർ/ഹെൽപ്പർമാരെ സ്ഥിരം ഒഴിവുകളിലേക്ക് നിയോഗിക്കുന്നതിനുള്ള പ്രായപരിധി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സാമൂഹ്യക്ഷേമ (ബി) വകുപ്പ്

സ.ഉ(എം.എസ്) നം. 80/2010/സാക്ഷേവ തീയതി, തിരുവനന്തപുരം, 11.11.2010

---

പരാമർശം : 1) 11.10.2006-ലെ സ.ഉ. (എം.എസ്) നം. 35/2006/സാക്ഷേവ
2) 06.01.2007-ലെ സ.ഉ. (എം.എസ്) നം.2/2007/സാക്ഷേവ
3) 16.09.2009-ലെ സ.ഉ. (എം.എസ്) നം. 40/2009/സാക്ഷേവ
4) സാമൂഹ്യക്ഷേമ ഡയറക്ടറുടെ 09.04.2010-ലെ ഐ.സി.ഡി.എസ്. എ3-357/10 നമ്പർ കത്ത്.

## ഉത്തരവ്

15.12.06 വരെ ആറു മാസമോ അതിലധികമോ കാലയളവിൽ താല്ക്കാലിക സേവന ദൈർഘ്യമുള്ള അംഗൻവാടി വർക്കർമാരായും ഹെൽപ്പർമാരായും ജോലി ചെയ്തിരുന്നവരെ സേവന ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി പരിശോധനാ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ അംഗീകരിച്ചു നൽകുന്ന മുറയ്ക്ക് സ്ഥിരമായി നിയമിക്കാനും കേന്ദ്ര സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വർക്കർ തസ്തികയുടെ 25% ഒഴിവുകളിൽ എസ്.എസ്.എൽ.സി വിദ്യാഭ്യാസ യോഗ്യതയുള്ള ഹെൽപ്പർമാരെ 55 വയസ്സു പൂർത്തിയാകാത്ത പക്ഷം വർക്കർമാരായി പ്രൊമോട്ട് ചെയ്ത് നിയമിക്കാനും പരാമർശം (1), (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. അംഗൻവാടി വർക്കറായി നിയോഗിക്കപ്പെടുന്നവരുടെ ഉയർന്ന പ്രായപരിധി 55 വയസ്സായി നിജപ്പെടുത്തിയതുമൂലം വർഷങ്ങളായി സേവനം ചെയ്തുവരുന്ന അംഗൻവാടി ഹെൽപ്പർമാർക്ക് പ്രായപരിധി കഴിഞ്ഞതിനാൽ വർക്കർമാരായി നിയമനം ലഭിക്കുന്നില്ലെന്നും പ്രായപരിധിയിൽ ഇളവ് നൽകണമെന്നും നിരവധിപേർ ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സർക്കാർ സർവ്വീസിൽ ഫീഡർ കാറ്റഗറിയിൽ നിന്നും നിയമനം നൽകുന്നതിന് സാധാരണ ഉയർന്ന പ്രായപരിധി നിശ്ചയിക്കാറില്ലാത്തതിനാലും, അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും വിരമിക്കൽ പ്രായം 60 വയസ്സായി നിജപ്പെടുത്തി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും നിശ്ചിത യോഗ്യത നേടിയ അംഗൻവാടി ഹെൽപ്പർമാർക്ക് , അവർക്കായി സംവരണം ചെയ്ത 25% വർക്കർ ക്വാട്ടയിൽ നിയമനം നൽകുന്നതിന് ഉയർന്ന പ്രായപരിധി ഒഴിവാക്കി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.ബി. വത്സല കുമാരി,**
സെക്രട്ടറി.

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ }
ശിശുവികസന പദ്ധതി ഓഫീസർമാർ } (സാമൂഹ്യക്ഷേമ ഡയറക്ടർ മുഖാന്തിരം)
ധനകാര്യ വകുപ്പ്.
തദ്ദേശ സ്വയംഭരണ വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ്
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ്.
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.

പകർപ്പ് : ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
സാമൂഹ്യക്ഷേമവകുപ്പ് സെക്രട്ടറിയുടെ പി. എ്യ്ക്ക്.
സാമൂഹ്യക്ഷേമവകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എ്യ്ക്ക്.

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പുറത്തെടുത്ത് കത്ത് നം. ഡ3/B4/40452/10 ദി. 12-11-2010

പകർപ്പ് ആവശ്യമായ നടപടികൾക്കായി എല്ലാ സി.ഡി.പി.ഒ മാർ, പ്രോഗ്രാം ഓഫീസർമാർ, ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ എന്നിവർക്ക് അയച്ചുകൊടുക്കുന്നു.

(ഒപ്പ്)

for സാമൂഹ്യക്ഷേമ ഡയറക്ടർ

**കേരള സർക്കാർ**

**സംഗ്രഹം**

**സാമൂഹ്യക്ഷേമ വകുപ്പ് - സംയോജിത ശിശുവികസന പദ്ധതി - താൽക്കാലികമായി നിയോഗിക്കപ്പെട്ടിരുന്ന അംഗൻവാടി വർക്കർ/ഹെൽപ്പർമാരെ സ്ഥിരം ഒഴിവുകളിലേയ്ക്ക് നിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കി പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

## സാമൂഹ്യക്ഷേമ (ബി) വകുപ്പ്

**സ.ഉ (എം.എസ്) നം. 79/2010/സാക്ഷേവ** **തീയതി, തിരുവനന്തപുരം, 10.11.2010.**

---

**പരാമർശം :-**
1) 11.10.2006-ലെ സ.ഉ (എം.എസ്) നം. 35/2006/സാക്ഷേവ.
2) 06.01.2007-ലെ സ.ഉ (എം.എസ് ) നം. 02/2007/സാക്ഷേവ.
3) 31.01.2008-ലെ സ.ഉ. (എം.എസ്) നം. 08/2008/സാക്ഷേവ
4) 22.10.2008-ലെ സ.ഉ (എം.എസ്) നം. 58/2008/സാക്ഷേവ.
5) ഡബ്ല്യൂ പി (സി) നം. 25614/09 മേലുള്ള ബഹു. ഹൈക്കോടതിയുടെ 15.10.2009-ലെ വിധിന്യായം.
6) ഡബ്ല്യൂ .എ നം. 1528/2010 മേലുള്ള ബഹു. ഹൈക്കോടതിയുടെ 27.09.2010-ലെ ഉത്തരവ്

## ഉത്തരവ്

**അംഗൻവാടി വർക്കർ/ഹെൽപ്പർമാരുടെ നിയമനം സംബന്ധിച്ച് പരാമർശം (5) പ്രകാരം ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാമർശം (4)-ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക (7) പ്രകാരം രൂപീകരിക്കപ്പെട്ട സെലക്ഷൻ കമ്മിറ്റി, അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും തെരഞ്ഞെടുക്കരുതെന്ന് ഉത്തരവാകുകയും പരാമർശം (6) പ്രകാരം ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ താൽക്കാലികാടിസ്ഥാനത്തിൽ വർക്കർമാരേയും ഹെൽപ്പർമാരേയും നിയമിക്കുന്നത് തടഞ്ഞിരിക്കുകയുമാണ്.**

**2. പരാമർശം (1) പ്രകാരം താൽക്കാലിക അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവരെ സ്ഥിരം ഒഴിവുകളിലേയ്ക്ക് നിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിർണ്ണയിച്ച് പുറപ്പെടുവിടുവിച്ച സർക്കാർ ഉത്തരവ് പരാമർശം (2) പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.**

**3. അംഗൻവാടികളുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിനായി അംഗൻവാടി വർക്കർ, ഹെൽപ്പർ ഒഴിവുകളിൽ അടിയന്തിരമായി നിയമനം നടത്തേണ്ടതിനാൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (2) പ്രകാരം ഭേദഗതി വരുത്തിയ പരാമർശം (1)-ലെ മാർഗ്ഗനിർദ്ദേശം -1 താഴെപ്പറയുന്ന ഭേദഗതി വരുത്തി ഉത്തരവാകുകയും ചെയ്യുന്നു**

**<u>മാർഗ്ഗ നിർദ്ദേശം - 1</u>**

**15.12.2006നു പകരം 31.10.2010 വരെയുള്ള കാലയളവിൽ ആറുമാസത്തെ സേവന കാലമുള്ള അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അതത് പ്രോജക്ടുകളിൽ വരുന്ന ഒഴിവുകളിൽ സ്ഥിര നിയമനം നൽകാവുന്നതാണ്. പരാമർശം (1), (2), (3) എന്നീ**

(..........2)

ഉത്തരവുകളിലെ വ്യവസ്ഥകളും നിയമന രീതിയും അനുസരിച്ചായിരിക്കണം താൽക്കാലികമായി സേവനം ചെയ്തിട്ടുള്ള അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും സ്ഥിരനിയമനത്തിനുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതും നിയമനം നൽകേണ്ടതും.

4. പരാമർശം (1), (2), (3), (4) എന്നീ ഉത്തരവുകൾ മേൽപ്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
കെ.ബി. വത്സകുമാരി
സെക്രട്ടറി,

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ (സാമൂഹ്യക്ഷേമ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആന്റ് ഇ), കേരള, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്: 1) ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്.
2) സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിയുടെ പി.എ.
3) 11.10.2006-ലെ സ.ഉ (എം.എസ്) നമ്പർ 35/2006/സാക്ഷേവ തീർപ്പ് ഫയലിലേക്ക്
4) 06.01.2007-ലെ സ.ഉ (എം.എസ് ) നമ്പർ 02/2007/സാക്ഷേവ തീർപ്പ് ഫയലിലേക്ക്
5) 31.01.2008-ലെ സ.ഉ. (എം.എസ്) നം. 08/2008/സാക്ഷേവ തീർപ്പ് ഫയലിലേക്ക്
6) 22.10.2008-ലെ സ.ഉ (എം.എസ്) നമ്പർ 58/2008/സാക്ഷേവ തീർപ്പ് ഫയലിലേക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പൃഷ്ഠാംകനം നം. Dlws/B4/40452/10 dated 11/11/2010

പകർപ്പ് ആവശ്യമായ നടപടികൾക്കായി ജില്ലാ സി.ഡി.പി.ഒ മാർ, പ്രോഗ്രാം ഓഫീസർമാർ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ എന്നിവർക്ക് അയയ്ക്കുന്നു.

സാമൂഹ്യക്ഷേമ ഡയറക്ടർ